# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4229 13.12.2018-ൽ മറുപടിക്ക്**

**ഉദുമ സ്പിന്നിങ്ങ് മിൽസ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ** | **ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിങ്ങ് മിൽസിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനോദ്ഘാടനം 2018 ഒക്ടോബർ മാസം 29-ാം തീയതി നടന്നു. ട്രയൽ പ്രൊഡക്ഷനാണ് ആരംഭിച്ചിട്ടുള്ളത്. വാണിജ്യാടിസ്ഥാനത്തിലുള്ള ഉൽപാദനം 2019 ജനുവരി മദ്ധ്യത്തോടു കൂടി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഉൽപാദനം ആരംഭിക്കുന്നതിനാവശ്യമായ ജീവനക്കാരെ ഏത് റാങ്ക് ലിസ്റ്റിൽനിന്നാണ് നിയമിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) & (സി) മില്ലിലെ വർക്കർ കാറ്റഗറി ജീവനക്കാരുടെ നിയമനം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽപ്പെടുന്നതല്ലാത്തതിനാൽ പി.എസ്സ്.സി മുഖേനയല്ല അഡ്വൈസ് മെമ്മോ അയച്ചത്. കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ 2011 ൽ തയ്യാറാക്കിയ വർക്കർമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നാണ് ഉദുമ ടെക്സ്റ്റൈൽ മില്ലിൽ ഇപ്പോൾ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. വർക്കർ റാങ്ക് ലിസ്റ്റുകളിൽ നിന്നും 844 പേർക്ക് അഡ്വൈസ് മെമ്മോ നൽകുകയും 96 പേർ ഇതിനകം ജോലിയിൽ പ്രവേശിച്ചിട്ടുണ്ടുമുണ്ട്. കമ്പനി പൂർണ്ണതോതിൽ 3 ഷിഫ്റ്റും പ്രവർത്തിക്കണമെങ്കിൽ 148 തൊഴിലാളികൾ ആകെ വേണ്ടതുണ്ട്. |
| (സി) ഈ റാങ്ക് ലിസ്റ്റിലുള്ള എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചതായി പി.എസ്.സി. യിൽ നിന്നും വകുപ്പിനെ അറിയിച്ചിട്ടുണ്ട്; എത്ര പേർ ജോലിയിൽ പ്രവേശിച്ചു; വിശദാംശങ്ങൾ അറിയിക്കാമോ; | |

(ഡി) നൂൽ മാത്രം ഉൽപാദിപ്പിക്കുന്ന ഈ സ്ഥാപനത്തെ തുണി നിർമ്മാണത്തിനുള്ള സ്ഥാപനമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഉദുമ ടെക്സ്റ്റൈൽ മില്ലിൽ നൂലാണ് ഇപ്പോൾ ഉൽപാദിപ്പിക്കുന്നത്. ഇവിടെ നൂൽ വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ച് പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഉദുമ ടെക്സ്റ്റൈൽ മില്ലിൽ തുണി നിർമ്മാണത്തിനുള്ള പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

(ഇ) കെ.എസ്.ടി.സി.യുടെ കൈവശം മൈലാട്ടിയിൽ എത്ര ഏക്കർ ഭൂമി ഇപ്പോൾ വെറുതെ കിടക്കുന്നുണ്ട് വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) & (എഫ്) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷ (കെ.എസ്.ടി.സി)ന്റെ കൈവശം മൈലാട്ടിയിൽ അധികമായി കിടക്കുന്ന 15 ഏക്കറോളം ഭൂമി സ്ഥാപനത്തിന്റെ ഭാവിയിലുള്ള വികസനത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

(എഫ്) പ്രസ്തുത ഭൂമി ഏതെങ്കിലും സ്ഥാപനം തുടങ്ങുന്നതിന് പ്രയോജനപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ ?

സെക്ഷൻ ഓഫീസർ